# കേരള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിക്കുന്ന ഉത്തരവ്

RCS/3039/2018-EB(1) തിരുവനന്തപുരം, തീയതി, 24.07.2018
website: www.cooperation.kerala.gov.in
e-mail: keralarcs@gmail.com

വിഷയം: സഹകരണ വകുപ്പ് - ജീവനക്കാര്യം - സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ/അഡീഷണൽ ഡയറക്ടർ തസ്തികയിലേയ്ക്കുള്ള ഉദ്യോഗകയറ്റം - നിയമനം - ചുമതല കൈമാറുന്നതിനും, ഏറ്റെടുക്കുന്നതിനും നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

പരാമർശം: ജി.ഒ (ആർ.റ്റി) നമ്പർ 453/2018/സഹ: തീയതി: 24.07.2018

..........

മേൽ പരാമർശം പ്രകാരം ചുവടെ പേരു പറയുന്ന ജോയിന്റ് രജിസ്ട്രാർ/ജോയിന്റ് ഡയറക്ടർമാരെ അഡീഷണൽ രജിസ്ട്രാർ/അഡീഷണൽ ഡയറക്ടർ തസ്തികയിലേയ്ക്ക് ഉദ്യോഗകയറ്റം നൽകി 77400-115200 ശമ്പള സ്കെയിലിൽ നിയമിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

| ക്രമ നമ്പർ | പേരും, നിലവിലുള്ള തസ്തികയും | ഉദ്യോഗകയറ്റം നൽകി നിയമിച്ച തസ്തിക |
|---|---|---|
| 1 | ശ്രീ. കെ.ആർ. ശശികുമാർ, ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, വയനാട് ജില്ലാ സഹകരണ ബാങ്ക് | അഡീഷണൽ രജിസ്ട്രാർ/സെക്രട്ടറി. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് പെൻഷൻ ബോർഡ്, തിരുവനന്തപുരം |
| 2 | ശ്രീമതി. എം.എസ്. സുധാദേവി, ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് | അഡീഷണൽ ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം |

മേൽ ഉദ്യോഗകയറ്റത്തോടനുബന്ധിച്ച് ടി ഉദ്യോഗസ്ഥർ വഹിച്ചു വരുന്ന തസ്തികയുടെ ചുമതല കൈമാറുന്നതിനും, നിയമിക്കപ്പെട്ട തസ്തികയുടെ ചുമതല ഏറ്റെടുക്കുന്നതിനും നിർദ്ദേശം നൽകി ചുവടെ പറയും പ്രകാരം ഉത്തരവാകുന്നു.

| ക്രമ നം | പേരും, നിലവിലുള്ള തസ്തികയും | നിലവിലുള്ള തസ്തികയുടെ ചുമതല കൈമാറ്റം ചെയ്യപ്പെടേണ്ട ഉദ്യോഗസ്ഥൻ | ഉദ്യോഗകയറ്റം ലഭിച്ച അഡീഷണൽ രജിസ്ട്രാർ/അഡീഷണൽ ഡയറക്ടർ തസ്തികയുടെ ചുമതല നൽകേണ്ട ഉദ്യോഗസ്ഥൻ |
|---|---|---|---|
| 1 | ശ്രീ. കെ.ആർ. ശശികുമാർ, ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, വയനാട് ജില്ലാ സഹകരണ ബാങ്ക് | ജോയിന്റ് ഡയറക്ടർ (ആഡിറ്റ്), വയനാട് | അഡീഷണൽ രജിസ്ട്രാർ/ സെക്രട്ടറി. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡ്, തിരുവനന്തപുരം |

| | | | |
|---|---|---|---|
| 2 | ശ്രീമതി. എം.എസ്. സുധാദേവി, ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് | ജോയിന്റ് ഡയറക്ടർ (ആഡിറ്റ്), പത്തനംതിട്ട | ജോയിന്റ് ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം |

ഈ ഉത്തരവിന് അടിയന്തിര പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

ടി ആഫീസർമാർ വഹിച്ചു വരുന്ന തസ്തികയ്ക്ക് പുറമെ മറ്റേതെങ്കിലും തസ്തികയുടെ ചുമതല അധിക ചുമതലയായി വഹിച്ചു വരുകയാണെങ്കിൽ ആയതിന്റെ ചുമതല കൂടി വഹിച്ചു വരുന്ന തസ്തികയുടെ ചുമതല കൈമാറുന്നതിനോടൊപ്പം കൈമാറേണ്ടതാണ്.

ബന്ധപ്പെട്ട ആഫീസർമാർ ചുമതല കൈമാറിയതിന്റേയും, ഏറ്റെടുത്തതിന്റേയും ചുമതലാ കൈമാറ്റ റിപ്പോർട്ട് യഥാസമയം അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം, ഗവൺമെന്റ് സെക്രട്ടറി, സഹകരണ (എ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം, സഹകരണ സംഘം രജിസ്ട്രാർ എന്നിവർക്ക് കൃത്യമായി അയയ്ക്കേണ്ടതാണ്.

(ഒപ്പ്),
ഇ.ആർ. രാധാമണി
സഹകരണ സംഘം രജിസ്ട്രാർ (ഇൻ ചാർജ്ജ്)

വ്യക്തികൾക്ക്: (നിയന്ത്രണ ഉദ്യോഗസ്ഥൻ മുഖേന)

പകർപ്പ്:-
1) അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) ഗവൺമെന്റ് സെക്രട്ടറി, സഹകരണ (എ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
4) സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
5) ജോയിന്റ് ഡയറക്ടർ (ആഡിറ്റ്), പത്തനംതിട്ട, വയനാട്
6) വൈസ് ചെയർമാൻ, കേരള കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് ആന്റ് വെൽഫെയർ ബോർഡ്, തിരുവനന്തപുരം
7) ചെയർമാൻ, കേരള കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് പെൻഷൻ ബോർഡ്, തിരുവനന്തപുരം
8) ജില്ല ട്രഷറി ആഫീസർ, തിരുവനന്തപുരം, പത്തനംതിട്ട, വയനാട്
9) സ്റ്റോക്ക് ഫയൽ/സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.ബി)